**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2719** **22-01-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യവനവൽക്കരണപദ്ധതിയുടെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സാമൂഹ്യവനവൽക്കരണ വിഭാഗം ലക്ഷക്കണക്കിന് തൈകൾ തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെങ്കിലും അവ കൃത്യമായി നട്ട് പരിപാലിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ; | (എ) | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തു വരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും, അതു വഴി വൃക്ഷ സമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, സംഘടനകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണവകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡൻറ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡൻറ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ് മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ |

| | | | |
|---|---|---|---|
| | | | നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ നാല് വർഷത്തിനിടയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം എത്ര ലക്ഷം തൈകളാണ് സൗജന്യമായി വിതരണം ചെയ്തത്; അതിൽ എത്ര ശതമാനം തൈകളുടെ അതിജീവനം സാധ്യമാക്കിയെന്ന് വെളിപ്പെടുത്തുമോ; | (ബി) | സാമൂഹ്യ വനവൽക്കരണ വിഭാഗം കഴിഞ്ഞ നാല് വർഷത്തിനിടയിൽ 250.81 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 57.33% അതിജീവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | സാമൂഹ്യവനവൽക്കരണ വിഭാഗം നിലവിൽ തൈകൾ തയ്യാറാക്കി നൽകുന്നത് പ്രകൃതിക്ക് ദോഷം ചെയ്യുന്ന പ്ലാസ്റ്റിക് കൂടകളിൽ ആയതിനാൽ അത് മാറ്റി പ്രകൃതിക്ക് അനുയോജ്യമായ വിധത്തിൽ ഉള്ള കൂടകളിൽ തൈ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സാമൂഹിക വനവൽകരണ വിഭാഗം തൈകൾ വളർത്തിയെടുക്കാൻ ഉപയോഗിക്കുന്ന പോളിത്തീൻ കവറുകൾ ഘട്ടം ഘട്ടമായി മാറ്റി ബദൽ സംവിധാനം കണ്ടെത്തുന്നതിനുള്ള വിവിധ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കയർ പിത്ത് (ചകിരിച്ചോർ) ഉപയോഗിച്ചുള്ള റൂട്ട് ട്രെയിനർ സെല്ലുകൾ മറ്റ് കണ്ടെയ്നറുകളെ അപേക്ഷിച്ച് ഈട് നിൽക്കുന്നതായും, പരിസ്ഥിതി സൗഹാർദ്ദമായതും ആണെന്ന് കണ്ടെത്തുകയുണ്ടായി. ടി കണ്ടെയ്നറുകളിൽ 6 മാസം വരെ തൈകൾ നഴ്സറിയിൽ സൂക്ഷിക്കാവുന്നതാണെന്നും പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. 2020 വർഷത്തിൽ വനം വകുപ്പ് ഒരുലക്ഷത്തിലേറെ തൈകൾ കയർ പിത്ത് റൂട്ട് ട്രെയിനറുകളിൽ തയ്യാറാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ